**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 169.

26.9.2011 - ൽ മറുപടിയ്ക്ക്

ലോകായുക്തയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, എ.റ്റി. ജോർജ്<br>,, ലൂഡി ലൂയിസ് | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ലോകായുക്തയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിന് എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തെ ലോകായുക്തയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ലോകായുക്ത ആക്ടിൽ ഭേദഗതികൾ വരുത്തേണ്ടതുണ്ട്. ലോകായുക്ത ആക്ടിൽ ആവശ്യമായ എല്ലാ ഭേദഗതികളും ഉൾകൊള്ളിച്ചുകൊണ്ട് സമഗ്രമായ ഒരു ബിൽ കൊണ്ടു വരുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സമഗ്രമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ലോകായുക്ത രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) ലോകായുക്തയുടെ പരിധിയിൽ കൂടുതൽ സ്ഥാപനങ്ങളെ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര സ്ഥാപനങ്ങളെ ഇതിന്റെ പരിധിയിൽ കൊണ്ടുവന്നു.? | (സി) & (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 117 സ്ഥാപനങ്ങളെ പുതുതായി ലോകായുക്തയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ